# ഒരു വായനക്കാരന്റെ പക്ഷി ജീവിതം

ഷൗക്കത്തലീ ഖാൻ



ഒരു വായനക്കാരന്റെ പക്ഷി ജീവിതം (ഭാഗം-1)
ഷൗക്കത്തലി ഖാൻ
(മലയാളം: ഫീച്ചർ)

© 2021, Shoukathali Khan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Cellist, a painting by Max Weber (1881–1961). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഒരു വായനക്കാരന്റെ പക്ഷി ജീവിതം

2007-ൽ മലപ്പുറം ജില്ലയിലെ ചങ്ങരംകുളത്തെ കൃഷ്ണ ടാക്കീസിൽ കാണി ഫിലിം സൊസൈറ്റി, ദേശീയ അവാർഡ് കിട്ടിയ പ്രിയനന്ദൻ എന്ന സിനിമ സംവിധായകന് സ്വീകരണം നൽകുന്നു. സ്വീകരണത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ 'പുലിജന്മം' എന്ന സിനിമയും പ്രദർശിപ്പിക്കുന്നുണ്ട്. പ്രദർശനത്തിനു ശേഷം സിനിമയെക്കുറിച്ചുള്ള ചർച്ചയുമുണ്ട്. പ്രഗത്ഭരും പ്രശസ്തരുമായ സിനിമാനിരൂപകരും സംവിധായകരുമൊക്കെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നു. സിനിമ അരാഷ്ട്രീയ സന്ദേശമാണ് നൽകുന്നതെന്നുള്ള അഭിപ്രായം രൂപപ്പെട്ടു വന്നു. അടുത്തത് സാധാരണക്കാരായ പ്രേക്ഷകരുടെ ഊഴമാണ്. രണ്ടുമൂന്ന് അഭിപ്രായങ്ങൾക്ക് ശേഷം അരാഷ്ട്രീയത എന്ന വിമർശനഭാഷ്യം സദസ്സിൽ അങ്ങനെ ഒഴുകി നടക്കുകയാണ്. എൻ. പ്രഭാകരന്റെ പ്രശസ്തമായ ആ രചനയിലെ പ്രകാശൻ എന്ന കഥാപാത്രത്തെ ഇങ്ങനെയാണോ തിരഭാഷയിൽ ദൃശ്യവത്കരിച്ചത്?

സാമാന്യം നല്ല പ്രേക്ഷകരുള്ള സദസ്സിൽ നിന്ന് മെലിഞ്ഞുണങ്ങിയ ഒരു നരച്ച താടിക്കാരൻ സംസാരിക്കാനായി എഴുന്നേറ്റു. "ലീലാകൃഷ്ണനും എം. സി. രാജനാരായണനുമൊക്കെ സംസാരിച്ച ഈ സദസ്സിൽ ഈ ഉണക്കക്കൊള്ളി ഇനി എന്ത് പറയാനാണ്"—ഒരു കാണി പതുക്കെ നീരസത്തോടെ പറയുന്നത് കേട്ടു. അയാൾ സംസാരിക്കാൻ തുടങ്ങി. താളാത്മകമായ ഭാഷണം. നല്ല ശബ്ദം! സദസ്സ് ഒരു നിമിഷം ആ ഉണക്കക്കൊള്ളിക്ക് കാതോർത്തു. അയാളുടെ പ്രഭാഷണത്തിന്റെ ഉപസംഹാരം ഇങ്ങനെയായിരുന്നു. "എല്ലാവരുടെ ഉള്ളിലും ഒരു പ്രകാശനുണ്ട്. എന്റെ ഉള്ളിലും ഒരു പ്രകാശൻ ഉണ്ടായിരുന്നു. കനലണഞ്ഞ് കെട്ട് കരിക്കട്ടയായ ആ പ്രകാശനിൽ വീണ്ടും കനലൂതി പ്രകാശിപ്പിക്കാൻ ഈ സിനിമക്ക് കഴിഞ്ഞു. ജ്വലനാത്മകമായ പ്രകാശൻ—അതുതന്നെയാണ് ഈ സിനിമയുടെ രാഷ്ട്രീയം"

ആ നരച്ച താടിക്കാരൻ ചുളുങ്ങിമടങ്ങിയ, കുടുക്കുപൊട്ടിയ കുപ്പായത്തിന്റെ കോളർ വലിച്ചുയർത്തി കാവിലുങ്കിയും കുട്ടിപ്പിടിച്ച് സദസ്സിൽ തിരിച്ചുവന്നിരുന്നു. സാധാരണക്കാരനെ ആവേശിച്ച അരാഷ്ട്രീയതയുടെ പാട കുറച്ച് നീങ്ങിയതുപോലെ. ഈ ഉണക്കക്കൊള്ളി ഒരു പുലിയാണല്ലോ ഇവൻ എവിടുത്തുകാരൻ!!

ബോർഹസ്സിനെയൊക്കെ ഉദ്ധരിച്ച ഈ സാധാരണക്കാരന്റെ വാക്കിലെയും വേഷത്തിലെയും അസാധാരണത്വം ഇസ്തിരിയിട്ട വേഷധാരികളെ അലോസരപ്പെടുത്തി. സദസ്സിലെ ആ ജ്വലനഭാഷിയായ നരച്ചതാടിക്കാരൻ പൊന്നാനിക്കടുത്ത് എരമംഗലത്തുള്ള ഭഗവാൻ രാജൻ ആയിരുന്നു!

എഴുത്തുകാരുടെയും സാഹിത്യസാംസ്കാരിക നായകരുടെയും ചരിത്രവർത്തമാനങ്ങൾ നിറഞ്ഞ ഒരു വൻ നിരതന്നെയുണ്ട് പൊന്നാനിയിൽ. അക്കിത്തം, എം. ടി. സി. രാധാകൃഷ്ണൻ, എം. ജി. എസ്. ആലങ്കോട് ലീലാകൃഷ്ണൻ, പി. പി. രാമചന്ദ്രൻ, മോഹനകൃഷ്ണൻ കാലടി, സി. അഷറഫ്, പി. സുരേന്ദ്രൻ, ജയരാജൻ, കെ. ടി. സതീശൻ...

മൺമറഞ്ഞവരാണെങ്കിലോ ഇടശ്ശേരി, ഉറൂബ്, എം. പി. ശങ്കുണ്ണിനായർ, ഈ. നാരായണൻ, കടവനാട് കുട്ടികൃഷ്ണൻ, എം. ഗോവിന്ദൻ, അക്കിത്തം.

ജ്ഞാന വിസ്മയങ്ങളായ വായനക്കാരുമുണ്ട് പൊന്നാനിയിൽ. അവരുടെ കൂട്ടത്തിലെ ഇസ്തിരിച്ചന്തങ്ങളിലെ ധവളാഭമായ മാന്യതകളിൽ നിന്നും വ്യത്യസ്തനാണ് മുഷിഞ്ഞ അലക്കിത്തേക്കാത്ത അസാധാരണത്വത്തിന്റെ തനിമയോടെയുള്ള ആ മെലിഞ്ഞ രൂപം. ഏഴാം ക്ലാസ്സ വരെ മാത്രം പഠിച്ച് ജീവിതപ്രാരാബ്ധങ്ങളുടെ ചുരം കയറിയ രാജൻ എന്ന മധ്യവയസ്കൻ. പപ്പടത്തിന്റെ മണമുള്ള മാവിൻ പൊടിയുടെ ഗന്ധങ്ങളോടൊപ്പം വായിച്ച് പകുതിയാക്കിയ മൂന്നോ നാലോ പുസ്തകങ്ങളുമുണ്ടാകും എപ്പോഴും അയാളുടെ കയ്യിൽ. മാക്സിം ഗോർക്കിയുടെ 'അമ്മ', മേതിലിന്റെ 'തെരഞ്ഞെടുത്ത കവിതകൾ', 'മണ്ണിന്റെ മാറിൽ', 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ', 'നിഷ്കളങ്കതയുടെ വിവേകം', 'അടിപ്പാറ താമിയും നല്ലവനായ ഞാനും', 'ആൽക്കമിസ്റ്റ്'—എന്നിങ്ങനെയൊക്കെ ആ പുസ്തകത്തലക്കെട്ടുകൾ വായിച്ചെടുക്കാനാകും.

80-കളുടെ ആദിയിൽ ഈ പപ്പടപ്പണിക്കാരന്റെ ബാഗുകളിൽ ഇവയൊക്കെ ആന്ധ്രയിലെ ഗുഡല്ലൂരിലേക്കും മദിരാശിയിലേക്കും ബോംബെയിലെ മുഹമ്മദാലി റോഡിലേക്കും ദീർഘയാത്ര പോയിട്ടുണ്ട്. കഠിനമായ വഴിയനുഭവങ്ങളിൽ അവ അയാൾക്ക് കരുത്ത് പകർന്നു. 'വിവേകശാലിയായ വായനക്കാരാ' എന്ന് കെ. പി. അപ്പനും 'വായനക്കാരനെ പൂവിട്ടു തൊഴണം' എന്ന് എം. പി. നാരായണപ്പിള്ളയും അഭിസംബോധന ചെയ്തത് ഈ വായനക്കാരനെ കൂടി ഉദ്ദേശിച്ചാകാം. 'ക്ഷോഭിക്കുന്നവരുടെ സുവിശേഷ'വും 'പരിണാമ'വും അയാൾ എന്നേ വായിച്ചുകഴിഞ്ഞതാണ്.



കേരളത്തിലെ ഗ്രാമീണവായനശാലകൾ നക്കിത്തുടച്ചു കൊണ്ടാണ് താനൊരു എഴുത്തുകാരനായത് എന്ന് സക്കറിയ തന്റെ 'ഉരുളിക്കുന്നത്തെ കുറിപ്പുക'ളിൽ അഭിപ്രായപ്പെടുന്നുണ്ട്. തൊഴിൽ സംബന്ധമായ യാത്രകൾക്കിടെ ഒരു ഗ്രാമീണ മനുഷ്യൻ തൊഴിലിടങ്ങൾക്ക് ചുറ്റുമുള്ള വായനശാലകളെ ഒരു പക്ഷിയെപ്പോലെ പിന്തുടർന്ന് പാറിപ്പറന്ന് കൊത്തിപ്പെറുക്കി വിഴുങ്ങി ദുർഘടം നിറഞ്ഞ ജീവിതത്തിലേക്കുള്ള ഊർജ്ജം സംഭരിച്ചു. ഒരു എഴുത്തുകാരന്റെ പക്ഷിജീവിതം പോലെ ക്ലേശപൂർണ്ണവും ദുരിതപൂർണ്ണവുമായിരുന്നു ഈ വായനക്കാരന്റെ ജീവിതവും. അയാളുടെ അലച്ചിലും കണ്ട തണലിടങ്ങളിലെ ഇരിപ്പും ധ്യാനവും ചിന്തയും ഭാവനയുടെ ചിറകിലേറിയുള്ള പറക്കലും ഒരു പക്ഷിയുടെ ദേശാന്തര സഞ്ചാരം പോലെ അനിശ്ചിതവുമായിരുന്നു. ഒരക്ഷരം പോലും എഴുതാൻ അയാൾ ഇതുവരെ ശ്രമിച്ചില്ല. തന്റേതല്ലാതെ മറ്റൊന്നും വായിക്കാത്ത ദുരന്തങ്ങളായി തീർന്ന എഴുത്തുകാരുള്ള കാലമാണ് ഇതെന്ന് ഓർക്കണം. എന്നാൽ വായന, അയാളുടെ ഉള്ളിൽ പ്രോജ്ജ്വലങ്ങളായ വെളിച്ചങ്ങളാണ് തീർത്തത്.

ആരോ പറഞ്ഞുകേൾക്കുന്ന പുസ്തകങ്ങളും അവയിലെ ആശയങ്ങളും വാക്കുകളും പബ്ലിഷറുടെ കാറ്റലോഗുകളുമൊക്കെയാണ് പുസ്തകത്തിലേക്കുള്ള രാജന്റെ ആദ്യ പ്രവേശനത്തിനിടയാക്കിയത്. അവയൊക്കെ ദൂരെ ഉയർന്നുകാണുന്ന ഒരു മഴവിൽ ചന്തമായിരുന്നു അയാൾക്ക്. ആ ലഹരിയിൽ പുസ്തകം തേടിയുള്ള പക്ഷിസഞ്ചാരം തുടങ്ങലായി. കിട്ടിയാൽ ഒഴിഞ്ഞ ഇടങ്ങളിലെ ചില്ലകളിൽ ചടഞ്ഞിരിക്കും. പിന്നെ അടയിരുന്ന കാലത്തെ ദർശനങ്ങളുടെ ചൂടുകൊണ്ട് രാജൻ എന്ന വായനക്കാരൻ ജീവിതം മുന്നോട്ടു നയിച്ചു.

കമ്യൂണിസം, പരിസ്ഥിതി പ്രവർത്തനം, ജൈവകർഷക കൂട്ടായ്മ, യുക്തിവാദപ്രവർത്തനം, നാടകപ്രവർത്തനം, വായനശാല പ്രവർത്തനം വിദ്യാഭ്യാസപരമായ ഇടപെടലുകൾ ഒക്കെ ഈ വായനക്കാരന്റെ നാട്ടുജീവിതത്തിൽ നിന്നും നമുക്ക് കണ്ടെടുക്കാനാകും.

നാടുനീങ്ങിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിതത്തിൽ ഓരോ മനുഷ്യനും ഒരു തുറന്ന പുസ്തകമാണ്. രഹസ്യ ജീവിതത്തിന്റെ ഹിഡൻ ഫയലുകൾക്ക് അവിടെ പ്രവേശനമില്ല. അതുകൊണ്ട് തന്നെ അന്യൻ, അപരൻ, അന്യവത്കരണം എന്നീ പദാവലികൾ ഗ്രാമീണ ജീവിതത്തിലില്ല. സാമൂഹികജീവിതത്തിന്റെ ഗതിവിഗതികൾ ഓരോരുത്തർക്കും സ്വന്തം കൈരേഖ പോലെ ഹൃദിസ്ഥം. ഇടപെടലിന്റെ വിശുദ്ധിയും അവിശുദ്ധിയും കൂട്ടിവായിച്ച് സാമൂഹികജീവിതം നാട്ടുജീവിതത്തനിമകൾ കണ്ടറിഞ്ഞ് വിമർശനാത്മകമായ ചെല്ലപ്പേരുകൾ അല്ലെങ്കിൽ കുറ്റപ്പേരുകൾ നൽകുന്നു. ഓരോ കുറ്റപ്പേരുകളും വിമർശനച്ചുവയുള്ള ഐഡന്റിറ്റികാർഡുകളാണ്. അച്ഛനും അമ്മയും ദാനമായിനൽകുന്ന പേരുകൾക്ക് പുറമേ നാട്ടുകാർ സ്നേഹത്തോടെയും നീരസത്തോടെയും നൽകുന്ന പേരുകളുമുണ്ട്. വ്യക്തിയും സമൂഹവും തമ്മിലുള്ള ഇഴയടുപ്പവും സാമൂഹികവത്കരണവും ആണ് ഈ പേരിടൽകർമ്മത്തിന്റെ ഹേതു.

പൊന്നാനിക്കടുത്തുള്ള എരമംഗലത്തുകാർ രാജന് ഒന്നല്ല, മൂന്ന് പേരുകൾ ഇങ്ങനെ പതിച്ചുനൽകിയിട്ടുണ്ട്. ഭഗവാൻ രാജൻ, അയ്യങ്കാളി രാജൻ, പോരാട്ടം രാജൻ എന്നിങ്ങനെ അവ നാട്ടുകാരുടെ ചുണ്ടിൽ നിന്നും തന്നെ കേട്ടെടുക്കാനാകും. എരമംഗലം അങ്ങാടിയിലുള്ളവർക്ക് അയാൾ ഭഗവാൻ രാജനാണ്. തെക്കുള്ളവർക്ക് പോരാട്ടം രാജൻ. അങ്ങാടിക്കു കിഴക്കുള്ളവർ ഈ നീണ്ടു മെലിഞ്ഞ ഘോരസ്വരത്തെ അയ്യങ്കാളി രാജനെന്നും വിളിക്കുന്നു.

ഇനിയും അടഞ്ഞുപോകാത്ത ഒരു തൊണ്ടയാണ് എരമംഗലത്തുകാർക്ക് ഭഗവാൻ രാജൻ എന്ന് ചെല്ലപ്പേരുള്ള മുള്ളത്ത് രാജൻ. എളുപ്പത്തിൽ നിശ്ശബ്ദമാക്കാൻ പറ്റാത്ത ഈ പ്രതിഷേധം എരമംഗലത്തിന്റെ രാഷ്ട്രീയ സാംസ്കാരിക പരിസ്ഥിതി പ്രവർത്തനത്തിന്റെ മുഴങ്ങുന്ന സ്വരമാണ്. തെരഞ്ഞെടുപ്പുകാലത്ത് അയാൾ മുദ്രാവാക്യങ്ങളുടെ മുഴക്കമാണ്. യുവജന പ്രക്ഷോഭകർക്കിടയിൽ 'ചോരതുടിക്കും ചെറു കയ്യുകളേ പേറുകവന്നീ പന്തങ്ങൾ' എന്ന വൈലോപ്പിള്ളിക്കവിത താളാത്മകമായി ആലപിച്ച് മുൻനിരയിൽ കാണാം. നാട്ടിലെ അവശേഷിക്കുന്ന നീർനാഡികളായ തോടും പുഴയും കായലോരങ്ങളും കുളങ്ങളും പുത്തൻപണക്കാർ മണ്ണിട്ട് നികത്തിയെടുക്കുമ്പോൾ ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലം എന്ന കവിത ചൊല്ലി 'വെറ്റ്ലാന്റ്' പരിസ്ഥിതിപ്രവർത്തകരുടെ കൂടെ ഓടിവരുന്നു. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകം നിരോധിച്ചപ്പോൾ ആവിഷ്കാരസ്വാതന്ത്ര്യത്തിനായി, ക്രൂശിക്കപ്പെടുന്ന ക്രിസ്തുke വായി പ്രച്ഛന്നവേഷമണിഞ്ഞ് എരമംഗലം അങ്ങാടിയിലൂടെ പ്രതിഷേധജാഥ നയിച്ചു.

## തട്ടുകടയും വായനയും

എരമംഗലം അങ്ങാടിക്ക് കിഴക്കോട്ട് ഒന്നരകിലോമീറ്റർ ചെന്നാൽ ഭഗവാൻ രാജന്റെ തട്ടുകടയായി. കായലിനോട് ചേർന്ന് നരണപ്പുഴ പാലത്തിന് സമീപം കമുകിൻ അലകുകൾ ആൽമരച്ചുവട്ടിൽ ഒരു ഏറുമാടം പോലെ കെട്ടിയുണ്ടാക്കിയതാണ് രാജന്റെ തട്ടുകട. ആളുകൾ ഇരുന്നും നിന്നും ചായ കുടിക്കുന്നു. തിളച്ച സമോവറിനു സമീപം ചായ പാർന്നുകൊണ്ട് ഭഗവാൻ രാജൻ നിൽക്കുന്നു. സമീപത്തുള്ള മേശപ്പുറത്ത് വായിച്ച കമഴ്ത്തിക്കിടത്തിയ ഒരു പുസ്തകവുമുണ്ട്. ഇപ്പോൾ അയാൾ വായിച്ചുകൊണ്ടിരിക്കുന്നത് ടി. ഡി. രാമകൃഷ്ണന്റെ 'സുഗന്ധി എന്ന ആണ്ടാൾ നായകി' എന്ന നോവലാണ്. ചായ കുടിച്ച് ഇറങ്ങിപ്പോകുന്നവർക്ക് സിഗററ്റ് കൊടുത്ത് ബാക്കി പൈസ കൊടുക്കുന്നതിന്റെ ഇടയിൽ കേട്ട ചില നാട്ടുവർത്തമാനങ്ങൾ.

"എന്താ ഈ കമിഴ്ത്തി വെച്ചിരിക്കുന്നത്...?"

"അതൊരു പുസ്തകമാണ്."

"അപ്പൊ... പുസ്തകവായനയും ഉണ്ടോ?"

"ആ... വല്ലപ്പോഴും ഒഴിവുകിട്ടുമ്പോൾ."

കടയിൽ തിരക്കൊഴിയുമ്പോൾ... നോവലിന്റെ അടയാളം വെച്ചിടത്തുനിന്ന് ഭഗവാൻ രാജൻ വായന തുടരുന്നു. പൊട്ടിപ്പൊളിഞ്ഞ മേശയുടെ അടിയിൽ ആരോ ഏതോ പുസ്തകങ്ങൾ കാണം. പൗലോ കൊയ്‌ലോയുടെ 'ആൽക്കമിസ്റ്റ്' കൂടാതെ കെ. പി. രാമനുണ്ണിയുടെ 'ജീവിതത്തിന്റെ പുസ്തകം'. മനോഹരൻ വി. പേരകത്തിന്റെ 'കയറ്റത്തിന്റെ മൂന്ന് ദശാബ്ദങ്ങൾ', വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി'—എല്ലാം മലയാള സാഹിത്യത്തിലെ പുതിയ വായനാഗണത്തിലുള്ള പുസ്തകങ്ങൾ.

"ഇതൊക്കെ വായിച്ച് കഴിഞ്ഞതാണോ...?"

"കരിക്കോട്ടക്കരി വായിച്ചുകഴിഞ്ഞിട്ടില്ല. ബാക്കിയൊക്കെ തീർന്നു."

"എന്താണ് പുതിയ നോവലുകൾ പറയുന്നത്?"

"ഒക്കെ മോശമാണ്. കയറ്റത്തിന്റെ മൂന്ന് ദശാബ്ദങ്ങൾ നല്ല പ്രമേയമാണ്. പക്ഷേ, നോവലിന്റെ ക്രാഫ്റ്റ് അത്ര പോര...

പൊന്നാനി താലൂക്കിലെ തെങ്ങുകയറ്റത്തൊഴിലാളികളെ കുറിച്ചുള്ള പുസ്തകമാണെന്ന് കേട്ടപ്പോൾ വായിക്കാൻ എടുത്തതാണ്. ഇയാൾ നോവൽ എഴുതാൻ പാകമായിട്ടില്ല. മൂത്തിട്ടുപോലുമില്ല. ഉള്ളിൽ കിടന്ന് ഒരു പ്രമേയം പഴുത്ത് പാകമായാലേ അത് എഴുത്തിലേയ്ക്ക് കൊണ്ട് വരാൻ പറ്റൂ."



പുസ്തകം ഈ വായനക്കാരൻ കാശുകൊടുത്ത് വാങ്ങിക്കുന്നതല്ല. എല്ലാത്തിനും സർഗ്ഗവേദി വായനശാലയുടെ നമ്പറും സീലും കാണും. കുറച്ചുനേരം അവിടെ ഇരിക്കാനുള്ള സന്മനസ്സ് കാണിച്ചാൽ ചായ കുടിക്കാൻ വന്നവർ സമയം ഉണ്ടെങ്കിൽ കായലിന്റെ പാട്ടുകേട്ട് ഒരു ആപ്പ് ചായ കുടിച്ച് ഒരു പുസ്തകവും വായിച്ച് വേണമെങ്കിൽ തിരിച്ചുവരാം. സമോവറിനു സമീപം ഒറ്റക്കാലിൽ തപസ്സനുഷ്ഠിച്ച് ഭഗവാൻ രാജൻ 'സുഗന്ധി' എന്ന അണ്ടാൾ നായകി വായിച്ചു തള്ളുകയാണ്. നല്ല സ്വയമ്പൻ പുസ്തകം. അയാൾ തന്നോട് തന്നെ പറയുന്നു. തട്ടുകട നടത്തുന്ന ഈ ഗംഭീരനായ വായനക്കാരനെകുറിച്ച് കേട്ടറിഞ്ഞ നോവലിസ്റ്റ് ടി. ഡി. രാമകൃഷ്ണൻ അയാളെ കാണാനായി തട്ടുകടയിൽ വന്നിരുന്നു പോലും. ഇപ്പോൾ ഭഗവാന്റെ ഫോണിലേക്ക് ഒരു വിളി വന്നു.

"ഹലോ... ഭഗവാൻ രാജൻ അല്ലേ?"

"അതെ!!"

"നമ്മുടെ കുമ്മിപ്പാലത്തിന്റെ അടുത്തുള്ള കുളവാഴ നിൽക്കുന്ന കുളമില്ലേ, അതിലേക്ക് പറമ്പു മാഫിയക്കാർ ടിപ്പറിൽ മണ്ണടി തുടങ്ങിയിരിക്കുന്നു."

"എപ്പോൾ?"

"ഇതാ രണ്ട് ലോഡ് തട്ടിക്കഴിഞ്ഞു. രാജേട്ടനൊന്ന് വര്വോ...?"

അയാൾ വെറ്റ്ലാന്റിന്റെ പരിസ്ഥിതി പ്രവർത്തകനായി മാറുന്നു. ഇപ്പോൾ ഭഗവാൻ രാജൻ തട്ടുകടക്കാരനോ വായനക്കാരനോ അല്ല. പറമ്പുമാഫിയക്കെതിരെ പോരാടുന്ന പോരാട്ടം രാജനാണ്. അയാൾ പരിസ്ഥിതി പ്രവർത്തകനായ എംപാസുൽ സുരേഷിന്റെ നമ്പറിലേക്ക് ഞെക്കുന്നു.

"സുരേഷേ..."

"നമ്മുടെ പ്രവർത്തകരെയും കൂട്ടി വെക്കം കുമ്മിപ്പാലത്തേക്ക് വരണം."

"എന്താ പ്രശ്നം...?"

"അവിടെ വേലായുധേട്ടന്റെ ചായക്കടയ്ക്ക് സമീപമുള്ള കുളം തൂർക്കാൻ തുടങ്ങിയിരിക്കുന്നു."

തട്ടുകട നരണിപ്പുഴയ്ക്കടുത്തുള്ള കൂട്ടുകാരൻ ഷംസുവിനെ നോക്കാൻ ഏല്പിച്ച് ഭഗവാൻ റോഡിലേക്ക് ഇറങ്ങി ഓടിപ്പോകുന്ന മോട്ടോർ സൈക്കിളിന് കൈ കാണിക്കുന്നു. പിന്നെ മോട്ടോർ സൈക്കിളിന് പിറകിൽ ഇരുന്ന് പാഞ്ഞുപോകുന്നു. ഇപ്പോൾ പരിസ്ഥിതി പ്രവർത്തനത്തിന്റെ അപകടകരമായ റോളിലേക്ക് അയാൾ പരകായപ്രവേശം നടത്തിക്കഴിഞ്ഞു.

(തുടരും...)

## ഷൗക്കത്തലീ ഖാൻ



പൊന്നാനിയിലെ എരമംഗലം സ്വദേശി. എരമംഗലത്തെ എൽ. പി., യു. പി. സ്കൂളുകൾ പൊന്നാനി എ. വി. ഹൈസ്കൂൾ കോഴിക്കോട് ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ആനുകാലികങ്ങളിൽ എഴുതുന്നു 5 പുസ്തകങ്ങൾ. ആസുരനക്രങ്ങൾ, പൊത്ത് (കവിത സമാഹാരങ്ങൾ) വന്നേരിയുടെ വഴിയടയാളങ്ങൾ, (ചരിത്രം) കാഞ്ഞിരവും കാരമുൾക്കാടും (ഓർമ്മ) കണ്ടാരി (നോവെല്ല) എന്നിങ്ങനെ. തിരൂരിലെ എസ്. എസ്. എം. പോളിയിൽ ജീവനം.

ഭാര്യ: ആരിഫ
കുട്ടികൾ: മുബഷിറ, സ്തുതി, ആയിഷ സന.

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014